(എഫ്) ക്രമക്കേട് നടത്തിയതായി സംശയിക്കുന്ന ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്യുകയും, വിശദമായ അന്വേഷണം നടത്തുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ഉൾനാടൻ മത്സ്യ മേഖലയിലെ റോഡ് നിർമ്മാണം

90 (1652) ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഫിഷറീസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ഉൾനാടൻ മത്സ്യമേഖലയിൽ റോഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചുവോ ; എങ്കിൽ പ്രസ്തുത പദ്ധതി പ്രയോജനപ്രദമെന്നു കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഉൾനാടൻ മത്സ്യമേഖലയിൽ റോഡ് നിർമ്മിക്കുന്നതിന് പദ്ധതിപ്രകാരം എത്ര റോഡുകൾ ഇതിനകം നിർമ്മിച്ചുവെന്നും അവ ഏതൊക്കെ എന്നും വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏതൊക്കെ റോഡുകളുടെ നിർമ്മാണമാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഉൾനാടൻ മത്സ്യമേഖലയിലെ റോഡ് നിർമ്മാണപദ്ധതി വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ ഉൾനാടൻ മത്സ്യമേഖലകളിലേക്കാണ് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യമേഖലയിൽ മാത്രമായി റോഡ് നിർമ്മിക്കുന്നതിനുള്ള നൂതന പദ്ധതികളൊന്നും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഫിഷറീസ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി, ഉൾനാടൻ ജില്ലയായ കോട്ടയത്ത് പത്തു റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിരുന്നു.

(ബി & സി) പത്താം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ ഒൻപതു തീരദേശ ജില്ലകളിലും ഉൾനാടൻ ജില്ലയായ കോട്ടയത്തും മത്സ്യത്തൊഴിലാളിമേഖലയിൽ ഫിഷറീസ് റോഡുകൾ നിർമ്മിക്കുന്നതിന് 13 കോടി രൂപ വകയിരുത്തി. മുൻഗണനാ പ്രകാരം റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുത്ത്, തുറമുഖ എൻജിനീയറിംഗ് വകുപ്പ് മുഖാന്തിരവും പൊതുമരാമത്തു വകുപ്പു മുഖാന്തിരവും നിർമ്മാണത്തിന് അനുമതി നൽകി. തെരഞ്ഞെടുത്ത റോഡുകളെ എ- ടൈപ്പ്, ബി-ടൈപ്പ്, സി-ടൈപ്പ് എന്ന് മൂന്നായി തരംതിരിച്ചിട്ടുണ്ട്. എ-ടൈപ്പ് റോഡുകൾ (നിർമ്മാണം, മെറ്റലിംഗ്, ടാറിംഗ്) പണിയുന്നതിന് കിലോ മീറ്ററിന് 10 ലക്ഷം രൂപയും ബി- ടൈപ്പ് റോഡ് (മെറ്റലിംഗ്, ടാറിംഗ്) പണിയുന്നതിന് കിലോ മീറ്ററിന് 5 ലക്ഷം രൂപയും സി- ടൈപ്പ് റോഡിന് (ടാറിംഗ്) കിലോ മീറ്ററിന് 3 ലക്ഷം രൂപയും വീതമാണ് വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിപ്രകാരം 172 റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്. എല്ലാ റോഡുകളും മത്സ്യത്തൊഴിലാളി മേഖലയിൽ ഉള്ളതും മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനപ്പെടുന്നവയുമാണ്. പദ്ധതിയുടെ കാലാവധി 31-3-2001-ൽ അവസാനിക്കും.

(ഡി) ഉൾനാടൻ ജില്ലയായ കോട്ടയത്ത്, പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഫിഷറീസ് റോഡ് പദ്ധതിപ്രകാരം താഴെ പറയുന്ന 10 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്.

1.	കരകുളം ഹൈസ്കൂൾ	- പനംപത്തറ - തിരുവാർപ്പ് റോഡ്
2.	കൃഷ്ണപിള്ള	- പനംപുകാട് - നരേക്കടവ് റോഡ്
3.	ചെമ്പ്	- പോസ്റ്റാഫീസ് റോഡ്
4.	അംബികാ മാർക്കറ്റ്	- സ്വാമിക്കൽ റോഡ്
5.	ഒളശ്ശ സെന്റ് ജോൺസ് പള്ളി	- പാർത്തലി റോഡ്
6.	മറവനതുരുത്ത്	- വാത്തുംഗൽ റോഡ്
7.	പരിപ്പുപാലം	- 900 പാലം റോഡ്
8.	തലയാട്ടം മൂലക്കര	- കോതപ്പാറ റോഡ്
9.	ചെമ്പ്	- മുറിഞ്ഞപ്പുഴ റോഡ്
10.	ഫിഷർമെൻ കോളനി റോഡ്.	

(ഇ) ഉൾനാടൻ ജില്ലയായ കോട്ടയത്ത് പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഫിഷറീസ് റോഡ് പദ്ധതിപ്രകാരം ഏറ്റെടുത്തിരുന്ന 10 റോഡ് പ്രവൃത്തികളും പൂർത്തീകരിച്ചു കഴിഞ്ഞു.

(എഫ്) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

മത്സ്യബന്ധന മേഖലയിലെ റോഡുകളുടെ നിർമ്മാണം

91 (1653) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന മേഖലയിലെ റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനും വേണ്ടി കോസ്റ്റൽ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസിന്റെ ഭാഗമായി ധനസഹായം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly